# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 6399 — 8.07.2014-ൽ മറുപടിയ്ക്ക്

**ഇ.എഫ്.എൽ ആയി വിജ്ഞാപനം ചെയ്ത ഭൂമി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) ഇ.എഫ്.എൽ ആയി വിജ്ഞാപനം ചെയ്ത ഭൂമി തിരികെ നൽകാനോ, നഷ്ടപരിഹാരം നൽകാനോ പാടില്ലെന്ന് വനം വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) ഇ.എഫ്.എ ൽ ആയി വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥലത്തിനു റിസർവ് വനത്തി ന്റെ സ്റ്റാറ്റസുള്ളതിനാ ൽ ഇത്തരം ഭൂപ്രദേശങ്ങൾ തിരികെ നൽകാൻ 1980 ലെ വന സംരക്ഷണ നിയമ പ്രകാരം കേന്ദ്രസർക്കാരി ന്റെ അനുമതി ആവശ്യമുണ്ട്. |
| ബി) ചെറിയ അളവിൽപ്പെട്ട ഇത്തരം ഭൂമികൾ വിട്ടു നൽകുന്നത് സംബന്ധിച്ച് ഉമ്മൻ വി ഉമ്മൻ കമ്മിറ്റി എന്തെങ്കിലും ശുപാർശ സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | ബി) ഉണ്ട്. 2003ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യ കർതൃത്വം നടത്തിപ്പും) നിയമ പ്രകാരം ചെറുകിട കർഷകരുടെ ഭൂമി ഒരുവിധ നഷ്ടപരിഹാരവും നൽകാതെ വനം വകുപ്പ് ഏറ്റെടുത്തത് സംബന്ധിച്ച് നിരവധി പരാതികൾ ഉമ്മൻ വി ഉമ്മൻ സമിതി മുമ്പാകെ ഉന്നയിക്കപ്പെടുകയുണ്ടായി. ഇ.എഫ്.എൽ നിയമം കാലഹരണപ്പെട്ടു കഴിയുകയാൽ അത് റദ്ദാക്കണമെന്ന ആവശ്യം പരിഗണിച്ച സമിതി ഇ.എഫ്.എൽ നിയമം അതിന്റെ |

ഉദ്ദേശ ലക്ഷ്യങ്ങൾ പലതും നേടിക്കഴിഞ്ഞ സ്ഥിതിക്ക് ഇനിമേൽ ഇ.എഫ്.എൽ നിയമം അനുസരിച്ച് ആരുടെ ഭൂമിയും ഏറ്റെടുക്കാൻ കഴിയാത്തവിധം നിയമം റദ്ദുചെയ്യുവാനും, ഈ വിഷയവുമായി ബന്ധപ്പെട്ട കേസുകളിൽ നിയമമനുസരിച്ച് കോടതി തീരുമാനം കാക്കാനും. ശുപാർശ ചെയ്തിട്ടുണ്ട്.

| | |
|---|---|
| സി) താമസിക്കുകയും, കൃഷി ചെയ്തു ഉപജീവനം നടത്തുകയും സ്വാഭാവിക വനത്തിന്റെ ഒരു നിർവ്വചനത്തിലും പെടാത്തതുമായ ചെറിയ അളവ് ഭൂമി ഇ.എഫ്.എൽ ആയി വിജ്ഞാപനം ചെയ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ഭൂമി വിട്ടു നൽകാൻ നടപടി സ്വീകരിക്കുമോ; | സി) ഉണ്ട്. ഇത്തരത്തിലുള്ള ഭൂമി ഇ.എഫ്.എൽ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ഇ.എഫ്.എൽ നിയമത്തിലെ വകുപ്പ് 10(ബി), 19(3)ബി എന്നിവ പ്രകാരം, പുന:പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ ഇതുവരെ മുന്നൂറോളം ഹെക്ടർ സ്ഥലം ഇ.എഫ്.എൽ പരിധിയിൽ നിന്നൊഴിവാക്കിയിട്ടുണ്ട്. |
| ഡി) ഈ ആവശ്യമുന്നയിച്ചുള്ള അപേക്ഷകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ രണ്ട് ഏക്കറിൽ താഴെ ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്യപ്പെട്ട എത്ര ഭുവുടമകളുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; | ഡി) ഉണ്ട്. ഇത്തരത്തിൽ 2 ഹെക്ടറിൽ താഴെയുള്ള ഭൂമിയെ സംബന്ധിച്ച 385 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |

ഇ) ഇത്തരം ഭൂമികളെ സംബന്ധിച്ച പരാതിയുടെ നിജസ്ഥിതി മനസ്സിലാക്കാൻ മണ്ഡലാടിസ്ഥാനത്തിൽ ജനപ്രതിനിധികളുടെ യോഗം ചേരുമോ ?

ഇ) 2 ഹെക്ടറിനു താഴെ വിസ്തീർണ്ണമുള്ള സ്ഥലങ്ങളുടെ തർക്ക പരിഹാരവുമായി ബന്ധപ്പെട്ട സ്ഥലപരിശോധന കമ്മിറ്റിയിൽ പരിശോധന വിധേയമാക്കപ്പെടുന്ന സ്ഥലം ഉൾക്കൊള്ളുന്ന പ്രദേശത്തെ നിയമസഭാംഗം, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയ ജനപ്രതിനിധികളും അംഗങ്ങളാണ്. ഈ സംവിധാനത്തിലല്ലാതെ, മണ്ഡലാടിസ്ഥാനത്തിൽ ജനപ്രതിനിധികളുടെ യോഗം ചേരുന്നത് പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ